ശ്രീ. പി. സി. ജോർജ്: സർ, നാലാം സമ്മേളനത്തിൽ 6-3-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1645-ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 155-ാം ചട്ടപ്രകാരം ഞാൻ നോട്ടീസ് നൽകുന്നു. ഏറണാകുളം ജില്ലയിലെ 'മരട് ' മുൻസിപ്പാലിറ്റിയിൽ പണിഉയർത്തിയിരിക്കുന്ന പതിനാല് നിലകളുള്ള 'ക്രൗൺ പ്ലാസ' യുടെ നിർമ്മാണം സംബന്ധിച്ചായിരുന്നു ചോദ്യം. ഏറണാകുളം ജില്ലയിൽ മരട് വില്ലേജിൽ സർവേ നമ്പർ 212/7, 213/3, 213/15, 213/16 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുവകകളിലാണ് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. തീർത്തും പാടശേഖരമായ വസ്തുവകകളിൽ 31000 സ്ക്വയർഫീറ്റ് വിസ്തീർണ്ണം വരുന്ന കെട്ടിടസമുച്ചയം പണിയുവാനായി മരട് പഞ്ചായത്ത് (ഇന്നത്തെ മരട് മുൻസിപ്പാലിറ്റി) പെർമിറ്റ് നൽകിയതുതന്നെ പ്രഥമദൃഷ്ട്യാ ഉള്ള അഴിമതിയും അനീതിയും നിയവിരുദ്ധപ്രവർത്തിയും തെളിവാണ്. ഇതിലെ പ്രധാനപ്പെട്ട കാര്യം ഒരു പാവപ്പെട്ടവന് നിലം/വയൽ സ്ഥലത്ത് വീടുവെയ്ക്കണമെങ്കിൽ സമ്മതം ലഭിക്കില്ല. അഞ്ച് സെന്റിന് ആർ. ഡി.ഒ-യോട്

അനുവാദം വാങ്ങുന്നതിന് എന്തെല്ലാം നിബന്ധനകളാണുള്ളത്. ഇവിടെ മുതലാളിമാർക്ക് പതിനാലും പതിനഞ്ചും നിലയുള്ള രമ്യഹർമ്യങ്ങളും ഫൈവ് സ്റ്റാർ ഹോട്ടലുകളും പണിയാൻ ഒരു നിയമവുമില്ല. ഇതിങ്ങനെ പോകാൻ കഴിയുമോ? ഈ വിഷയത്തിൽ കോടതി ഉത്തരവുണ്ട്. കോടതിയുടെ ഉത്തരവ് WPC36500/2007 പ്രകാരം കോടതിയുടെ അനുവാദമില്ലാതെ നമ്പർ കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന മറുപടി അത് ശരിയാണെന്നാണ്. അപ്പോൾ ബഹുമാനപ്പെട്ട കോടതി വിധിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി തെറ്റാണ്. അതുകൊണ്ട് നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വകുപ്പ് 155 പ്രകാരം ഞാൻ അവകാശലംഘനത്തിന് നോട്ടീസ് നൽകുന്നു.

<u>മി.സ്പീക്കർ</u>: പി.സി. ജോർജ് ഉന്നയിച്ച അവകാശ ലംഘനപ്രശ്നം ആവശ്യമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഇത് പ്രസംഗമാണോ.....(മൈക്ക് ഓഫ്)....

<u>മി.സ്പീക്കർ</u>: അദ്ദേഹത്തിന് ഫ്ലോറിൽ മെൻഷൻ ചെയ്യാനുള്ള അവസരം കൊടുത്തതാണ്. ....